# 2 അറിവിന്റെ വാതായനങ്ങൾ

ചുറ്റുപാടിനെക്കുറിച്ചുള്ള അറിവിനെ ജീവിബോധമണ്ഡലത്തിലേക്ക് ആനയിക്കുന്ന ശരീരത്തിന്റെ വാതായനങ്ങളാണ് ഇന്ദ്രിയങ്ങൾ. ഇന്ദ്രിയങ്ങൾ നൽകുന്ന വിവരങ്ങൾ അപഗ്രഥിച്ച് മസ്തിഷ്കമാണ് ജീവിക്ക് പ്രകൃതി ആസ്വദിക്കാനും, അപകടങ്ങളിൽ നിന്നു രക്ഷ നേടാനും, ഭക്ഷണം തേടാനും ആശയവിനിമയത്തിനും മറ്റും സഹായിക്കുന്നത്.

## I. കണ്ണ്

♣ കാഴ്ചയുടെ ഇന്ദ്രിയം.

**സംരക്ഷണ ഉപാധികൾ**

a) **നേത്ര കോടരത്തിൽ** (തലയോട്ടിയിലെ കുഴിയിൽ) 3 ജോഡി **ബാഹ്യ കൺപേശികൾ** കൊണ്ട് ഉറപ്പിച്ചിരിക്കുന്നു –- ആഘാതങ്ങളിൽ നിന്ന് രക്ഷ.


b) **പുരികം, കൺപീലി, കൺപോള** - പൊടിപടലം, വിയർപ്പ് എന്നിവ കണ്ണിൽ വീഴാതെ സൂക്ഷിക്കുന്നു.

c) **കൺജങ്റ്റൈവ** : ഉൽപാദിപ്പിക്കുന്ന ശ്ലേഷ്മം നേത്രഗോളത്തിന്റെ മുൻഭാഗം വരണ്ടു പോകാതെ സംരക്ഷിക്കുന്നു.

d) കണ്ണുനീർ

- കണ്ണിനെ എപ്പോഴും ഈർപ്പമുള്ളതാക്കി വെക്കുന്നു
- പൊടി വീണാൽ കഴുകി കളയുന്നു
- **ലൈസോസൈം** - കണ്ണിനുള്ളിലേക്ക് കടക്കുന്ന രോഗാണുക്കളെ നശിപ്പിക്കുന്ന എൻസൈം അടങ്ങിയിരിക്കുന്നു.

**ഘടനയും ധർമവും**





| | നേത്രഭാഗം | സവിശേഷത | ധർമം |
|---|---|---|---|
| I | ദൃഢപടലം | യോജകകലകളാൽ നിർമിതമായ ബാഹ്യപാളി | കണ്ണിന് ദൃഢത നൽകുന്നു |
| a) | കോർണിയ | സുതാര്യമായതും പുറത്തേക്ക് തള്ളി നിൽക്കുന്നതുമായ ഭാഗം | പ്രകാശത്തെ ഉള്ളിലേക്ക് കടത്തി വിടുന്നു |
| b) | കൺജങ്റ്റൈവ/ നേത്രാവരണം | കോർണിയ ഒഴികെയുള്ള കണ്ണിന്റെ മുൻഭാഗം ആവരണം ചെയ്തിരിക്കുന്ന സ്തരം | സംരക്ഷണം |
| II | രക്തപടലം | രക്തക്കുഴലുകൾ കാണപ്പെടുന്ന മധ്യപാളി | കണ്ണിന് പോഷണവും $O_2$ – വും നൽകുന്നു |
| a) | ഐറിസ് | കോർണിയയുടെ പുറകിൽ കാണപ്പെടുന്ന (മെലാനിൻ അടങ്ങിയതിനാൽ) ഇരുണ്ട ഭാഗം | |

| | | | |
|---|---|---|---|
| | കൃഷ്ണമണി / പ്യൂപ്പിൾ | ഐറിസിന്റെ മധ്യത്തിലുള്ള സുഷിരം | കണ്ണിലേക്ക് പ്രവേശിക്കുന്ന പ്രകാശത്തിന്റെ അളവ് ക്രമീകരിക്കുന്നു<br>– **പ്രകാശ തീവ്രത കൂടുമ്പോൾ** ഐറിസിലെ **വലയ പേശികൾ സങ്കോചിക്കുക** വഴി പ്യൂപ്പിൾ ചുരുങ്ങുകയും<br>– **പ്രകാശ തീവ്രത കുറയുമ്പോൾ** ഐറിസിലെ **റേഡിയൽ പേശികൾ സങ്കോചിച്ച്** പ്യൂപ്പിൾ വികസിക്കുകയും ചെയ്യുന്നു |
| b) | ലെൻസ് | പ്യൂപ്പിളിന് പിന്നിലായി സ്നായുക്കൾ കൊണ്ട് സീലിയറി പേശിയുമായി ബന്ധിച്ച ഇലാസ്തികതയുള്ള കോൺവെക്സ് ലെൻസ് | ഫോക്കൽ ദൂരം ക്രമീകരിച്ച് പ്രതിബിംബം റെറ്റിനയിൽ പതിപ്പിക്കുന്നു |
| III | ദൃഷ്ടിപടലം / റെറ്റിന | പ്രകാശ ഗ്രാഹികൾ കാണപ്പെടുന്ന ആന്തരപാളി | രൂപപ്പെടുന്ന പ്രതിബിംബത്തിനനുസരിച്ച് ആവേഗം ഉണ്ടാക്കുന്നു |
| a) | പീതബിന്ദു | പ്രകാശ ഗ്രാഹികൾ കൂടുതലായി കാണപ്പെടുന്ന ഭാഗം | ഇവിടെ രൂപപ്പെടുന്ന പ്രതിബിംബത്തിന് തെളിമ കൂടുതലായിരിക്കും |
| b) | അന്ധബിന്ദു | പ്രകാശ ഗ്രാഹികൾ ഇല്ലാത്ത ഭാഗം | ഇവിടെ പ്രതിബിംബം രൂപപ്പെടുന്നില്ല |
| c) | നേത്രനാഡി | അന്ധബിന്ദുവിൽ നിന്ന് തുടങ്ങുന്ന നാഡി | പ്രകാശ ഗ്രാഹികളിൽ നിന്നുള്ള ആവേഗങ്ങളെ മസ്തിഷ്കത്തിലേക്ക് വഹിക്കുന്നു |
| • | അക്വസ് അറ | കോർണിയക്കും ലെൻസിനും ഇടയിലുള്ള അറ | കോർണിയക്കും ലെൻസിനും ആവശ്യമായ പോഷണവും $O_2$ – വും നൽകുന്ന ജലസദൃശ്യമായ **അക്വസ് ദ്രവം** നിറഞ്ഞിരിക്കുന്നു. ഈ ദ്രവം രക്തത്തിൽ നിന്ന് രൂപപ്പെടുകയും രക്തത്തിലേക്ക് തന്നെ പുനരാഗിരണം ചെയ്യപ്പെടുകയും ചെയ്യുന്നു. |
| • | വിട്രിയസ് അറ | ലെൻസിനും റെറ്റിനക്കും ഇടയിലുള്ള അറ | നേത്രഗോളത്തിന് ആകൃതി നൽകുന്ന ജെല്ലി പോലുള്ള **വിട്രിയസ് ദ്രവം** നിറഞ്ഞിരിക്കുന്നു. |


## കാഴ്ച – ഘട്ടങ്ങൾ

***(Step 1)*** **ഫോക്കസ് ദൂരം ക്രമീകരിക്കൽ**

അടുത്തും അകലെയുമുള്ള വസ്തുക്കളുടെ പ്രതിബിംബം റെറ്റിനയിൽ പതിയാൻ കണ്ണിലെ ലെൻസിന്റെ വക്രതയിൽ മാറ്റം വരുത്തി ഫോക്കൽ ദൂരം ക്രമീകരിക്കുന്നു. ഈ കഴിവിനെ കണ്ണിന്റെ **സമഞ്ജനക്ഷമത** എന്നു പറയുന്നു





**അകലെയുള്ള വസ്തുവിനെ നോക്കുമ്പോൾ**




**അടുത്തുള്ള വസ്തുവിനെ നോക്കുമ്പോൾ**

**(*Step 2)* പ്രതിബിംബം റെറ്റിനയിൽ**





വസ്തുവിൽ നിന്ന് വരുന്ന പ്രകാശരശ്മികൾ കണ്ണിൽ കൂടി കടന്നു പോകുന്ന ഫ്ളോചാർട്ട് -

പ്രകാശം ⟶ കോർണിയ ⟶ അക്വസ് ദ്രവം ⟶ പ്യൂപ്പിൾ ⟶ ലെൻസ് ⟶ വിട്രയസ് ദ്രവം ⟶ റെറ്റിന

**പ്രതിബിംബത്തിന്റെ പ്രത്യേകതകൾ**

- യഥാർത്ഥം
- ചെറുത്
- തലതിരിഞ്ഞത്

**(*Step 3*) റെറ്റിനയുടെ ഘടനയും പ്രതിബിംബം രൂപപ്പെടുമ്പോഴുണ്ടാകുന്ന മാറ്റവും**




റെറ്റിനയിലെ റോഡ്, കോൺ കോശങ്ങളിൽ കാണപ്പെടുന്ന **റോഡോപ്സിൻ, ഫോട്ടോപ്സിൻ/അയഡോപ്സിൻ** എന്നീ കാഴ്ചാവർണകങ്ങളുടെ വിഘടനമാണ് കാഴ്ചയുടെ അടിസ്ഥാനം.

Vit.A –യിൽ നിന്നുണ്ടാകുന്ന **റെറ്റിനാൽ** എന്ന രാസവസ്തുവും **ഓപ്സിൻ** എന്ന പ്രോട്ടീനും ചേർന്നാണ് ഈ വർണ കങ്ങൾ ഉണ്ടാകുന്നത്.

Vit.A ↓

റോഡോപ്സിൻ/ ഫോട്ടോപ്സിൻ ⇌ റെറ്റിനാൽ+ ഓപ്സിൻ

ഈ രാസമാറ്റം നാഡീയ ആവേഗങ്ങൾ ഉണ്ടാക്കുന്നു.


- **റോഡ് കോശങ്ങൾ (12 ലക്ഷം)** – മങ്ങിയ പ്രകാശത്തിൽ ഉദ്ദീപിക്കപ്പെടുന്നു. ബ്ലാക്ക്&വൈറ്റ് കാഴ്ച സാധ്യമാക്കുന്നു. റോഡോപ്സിൻ വിഘടിച്ച് റെറ്റിനാലും ഓപ്സിനും ആയി മാറുന്നു.ഇവ രണ്ടും പ്രകാശത്തിന്റെ അസാന്നിധ്യത്തിൽ യോജിക്കുന്നു.
- **കോൺ കോശങ്ങൾ (6 ലക്ഷം)** – തീവ്ര പ്രകാശത്തിൽ ഉദ്ദീപിക്കപ്പെടുന്നു. നിറങ്ങൾ തിരിച്ചറിയാൻ (ഫോട്ടോപ്സിൻ/അയഡോപ്സിൻ വിഘടിക്കുന്നത് തീവ്ര പ്രകാശത്തിലായതിനാൽ) കഴിവുണ്ട്.

✓ മനുഷ്യനിൽ ചുവപ്പ്, പച്ച, നീല എന്നീ രശ്മികളാൽ പരമാവധി ഉത്തേജിക്കപ്പെടുന്ന **3 ഇനം കോൺ കോശങ്ങളാണുള്ളത്.** ഓപ്സിൻ തന്മാത്രയിലെ അമിനോ ആസിഡുകൾ വ്യത്യസ്തമായതാണ് ഇതിനു കാരണം.

**(*Step 4*) നാഡീയ ആവേഗങ്ങൾ സെറിബ്രത്തിലേക്ക് – കാഴ്ച എന്ന അനുഭവം**

റെറ്റിന ⟶ ആവേഗം ⟶ നേത്രനാഡി ⟶ സെറിബ്രം ⟶ കാഴ്ച എന്ന അനുഭവം

LIFE sslc biology notes




i. ഒരു വസ്തുവിന്റെ പ്രതിബിംബം റെറ്റിനയിൽ പതിക്കുമ്പോൾ പ്രകാശ ഗ്രാഹികൾ ഉദ്ദീപിക്കപ്പെടുന്നു
ii. ആവേഗങ്ങൾ രൂപപ്പെടുന്നു
iii. ആവേഗങ്ങൾ നേത്രനാഡി വഴി സെറിബ്രത്തിലെ കാഴ്ചയുടെ കേന്ദ്രത്തിലെത്തുന്നു
iv. 2 കണ്ണിൽ നിന്നുമുള്ള പ്രതിബിംബങ്ങളെ സംയോജിപ്പിച്ച് കാഴ്ചയുടെ കേന്ദ്രം വസ്തുവിന്റെ ത്രിമാനദൃശ്യം സാധ്യമാക്കുന്നു. ഇതാണ് **ദ്വിനേത്ര ദർശനം.**

**കണ്ണിന്റെ വൈകല്യങ്ങൾ / രോഗങ്ങൾ**


| വൈകല്യം/ രോഗങ്ങൾ | കാരണം | ലക്ഷണം | പരിഹാരം |
|---|---|---|---|
| മയോപ്പിയ (ഹ്രസ്വദൃഷ്ടി) | | | കോൺകേവ് ലെൻസ് |
| ഹൈപ്പർമെട്രോപ്പിയ (ദീർഘദൃഷ്ടി) | | | കോൺവെക്സ് ലെൻസ് |
| പ്രസ്ബയോപ്പിയ | ലെൻസിന്റെ ഇലാസ്തികത നഷ്ടപ്പെടുന്നു | അടുത്തുള്ള വസ്തുക്കളെ വ്യക്തമായി കാണാനാവില്ല | കോൺവെക്സ് ലെൻസ് |
| അസ്റ്റിഗ്മാറ്റിസം | | | സിലിണ്ട്രിക്കൽ ലെൻസ് |
| നിശാന്ധത | വിറ്റാമിൻ-A യുടെ കുറവ് റൊഡോപ്സിന്റെ പുനഃസംയോജനത്തിൽ കുറവുണ്ടാക്കുന്നു | മങ്ങിയ വെളിച്ചത്തിൽ കാഴ്ച സാധ്യമല്ല | വിറ്റാമിൻ -A അടങ്ങിയ ഭക്ഷണം കഴിക്കുക |
| സിറോഫ്ത്താൽമിയ | വിറ്റാമിൻ-A യുടെ തുടർച്ചയായ അഭാവം | നേത്രാവരണവും കോർണിയയും വരണ്ട് അതാര്യമാകുന്നു.തുടർന്ന് അന്ധത ബാധിക്കുന്നു | വിറ്റാമിൻ -A അടങ്ങിയ ഭക്ഷണം കഴിക്കുക |
| വർണാന്ധത | കോൺ കോശങ്ങളിലെ തകരാറ് | ചുവപ്പ്, പച്ച നിറങ്ങൾ കാണാൻ സാധിക്കില്ല | പരിഹാരമില്ല |
| ഗ്ലോക്കോമ | അക്വസ് ദ്രവത്തിന്റെ പുനരാഗിരണം തടസ്സപ്പെടുന്നത് | കണ്ണിൽ മർദം കൂടുന്നു | ലേസർ ശസ്ത്രക്രിയ |
| തിമിരം | നേത്ര ലെൻസ് അതാര്യമാകുന്നു | കാഴ്ച ക്രമേണ നഷ്ടപ്പെടുന്നു | ലെൻസ് മാറ്റിവെക്കൽ ശസ്ത്രക്രിയ |
| ചെങ്കണ്ണ് | കൺജങ്റ്റൈവയിൽ ബാക്ടീരിയ, വൈറസ് മൂലമുള്ള അണുബാധ | | ശുചിത്വം പാലിക്കുക |

## II. ചെവി

❖ ചെവിയാണ് ശ്രവണത്തെ സഹായിക്കുന്ന ജ്ഞാനേന്ദ്രിയം.
❖ ശരീരത്തിന്റെ തുലനനനില പാലിക്കാൻ സഹായിക്കുക എന്ന ധർമവും ചെവിക്കുണ്ട്.

LIFE SSLC biology notes

**<u>ചെവിയുടെ ഘടന</u>**




| | ഭാഗം | സവിശേഷത | ധർമം |
|---|---|---|---|
| I | ബാഹ്യകർണം | | |
| a) | ചെവിക്കുട | | ശബ്ദതരംഗങ്ങളെ കർണനാളത്തിലേക്ക് നയിക്കുന്നു |
| b) | കർണനാളം | ഇതിലെ ചെറുരോമങ്ങളും കർണമെഴുകും ചെവിക്കുള്ളിലേക്ക് പൊടിപടലങ്ങളും രോഗാണുക്കളും പ്രവേശിക്കുന്നത് തടയുന്നു | ശബ്ദതരംഗങ്ങളെ കർണപടത്തിലേക്ക് നയിക്കുന്നു |
| II | മധ്യകർണം | ബാഹ്യകർണത്തിനും ആന്തരകർണത്തിനും ഇടയിലുള്ള അറ | |
| c) | കർണപടം | മധ്യകർണത്തെ ബാഹ്യകർണത്തിൽ നിന്ന് വേർതിരിക്കുന്ന (കർണനാളത്തിന്റെ അറ്റത്തുള്ള) വൃത്താകൃതിയിലുള്ള സ്തരം | ശബ്ദതരംഗങ്ങൾക്കനുസൃതമായി കമ്പനം ചെയ്യുന്നു |
| d) | അസ്ഥി ശൃംഖല | മാലിയസ്, ഇൻകസ്, സ്റ്റേപ്പിസ് എന്നീ അസ്ഥികളുടെ ഈ ശൃംഖല കർണപടത്തെ ഓവൽ വിൻഡോയിലൂടെ ആന്തരകർണവുമായി ബന്ധിപ്പിക്കുന്നു | കർണപടത്തിനുണ്ടാകുന്ന കമ്പനങ്ങളെ ഓവൽ വിൻഡോയിലെത്തിക്കുന്നു |
| e) | യൂസ്റ്റേഷ്യൻ നാളി | മധ്യകർണത്തെ ഗ്രസനിയുമായി ബന്ധിപ്പിക്കുന്ന കുഴൽ | കർണപടത്തിനിരുവശത്തുമുള്ള മർദം ക്രമീകരിക്കുന്നു |
| III | ആന്തരകർണം | മധ്യകർണം കഴിഞ്ഞ് തലയോട്ടിയിലെ അസ്ഥി നിർമിതമായ അറക്കുള്ളിൽ കാണപ്പെടുന്നു | |
| f) | ഓവൽ വിൻഡോ (മുകളിൽ) | മധ്യകർണത്തേയും ആന്തരകർണത്തേയും വേർതിരിക്കുന്ന ഭിത്തിയിലുള്ള സ്തരത്താൽ അടക്കപ്പെട്ട സുഷിരങ്ങൾ | സ്റ്റേപ്പിസിന്റെ ചലനത്തിലൂടെ കോക്ലിയയിലെ ദ്രവത്തിന്റെ ചലനത്തിനു സഹായിക്കുന്നു |
| g) | റൗണ്ട് വിൻഡോ (താഴെ) | | കോക്ലിയക്കകത്തുള്ള ദ്രവത്തിന്റെ ചലനത്തിനു സഹായിക്കുന്നു |
| • | പെരിലിംഫ് | ആന്തരകർണത്തിലെ അസ്ഥിഅറക്കും അതിനുള്ളിലെ സ്തരഅറക്കും ഇടയിൽ നിറഞ്ഞിരിക്കുന്ന ദ്രവം | |


| | | | |
|---|---|---|---|
| • | എൻഡോലിംഫ് | സ്തരഅറക്കുള്ളിൽ നിറഞ്ഞിരിക്കുന്ന ദ്രവം | |
| h) | കോക്ലിയ | ഒച്ചിന്റെ തോടുപോലെ ചുരുണ്ട് കാണപ്പെടുന്ന ഇതിൽ 3 അറകളുണ്ട്. മുകളിലേയും താഴത്തേയും അറകളിൽ പെരിലിംഫും മധ്യഅറയിൽ എൻഡോലിംഫും നിറഞ്ഞിരിക്കുന്നു.മധ്യ അറയേയും താഴത്തെ അറയേയും വേർതിരിക്കുന്ന **ബേസിലാർ സ്തരത്തിൽ (ഓർഗൻ ഓഫ് കോർട്ടി) ശബ്ദഗ്രാഹികൾ**കാണപ്പെടുന്നു | കേൾവിക്കു സഹായിക്കുന്നു |
| i) | ശ്രവണ നാഡി | കോക്ലിയയിൽ നിന്ന് ആരംഭിക്കുന്നു | കോക്ലിയയിൽ ഉദ്ദീപനഫലമായുണ്ടാകുന്ന ആവേഗത്തെ സെറിബ്രത്തിലെ ശ്രവണ കേന്ദ്രത്തിലെത്തിക്കുന്നു |
| j) | അർധവൃത്താകാര കുഴലുകൾ | പരസ്പരം ലംബമായി കിടക്കുന്ന 3 അർധവൃത്താകാര കുഴലുകളിലും എൻഡോലിംഫ് നിറഞ്ഞിരിക്കുന്നു | ശരീരചലനങ്ങൾക്കനുസരിച്ച് എൻഡോലിംഫ് ചലിക്കുന്നതിലൂടെ രോമകോശങ്ങൾ ചലിച്ച് ആവേഗം രൂപപ്പെടുന്നു |
| k) | വെസ്റ്റിബ്യൂൾ | വെസ്റ്റിബ്യൂളിലെ അറകളിലും എൻഡോലിംഫ് നിറഞ്ഞിരിക്കുന്നു | |
| l) | വെസ്റ്റിബ്യൂളാർ നാഡി | അർധവൃത്താകാര കുഴലുകൾ, വെസ്റ്റിബ്യൂൾ തുടങ്ങിയവയിൽ നിന്ന് ആരംഭിക്കുന്നു | അർധവൃത്താകാര കുഴലുകൾ, വെസ്റ്റിബ്യൂൾ തുടങ്ങിയവയിൽ രൂപപ്പെടുന്ന ആവേഗത്തെ സെറിബല്ലത്തിലെത്തിക്കുന്നു. |

<u>കേൾവി എന്ന അനുഭവം</u>

**ശബ്ദ തരംഗം** → ചെവിക്കുട → കർണനാളം → കർണപടം → അസ്ഥി ശൃംഖല → ഓവൽ വിൻഡോ → കോക്ലിയ [പെരിലിംഫ് → എൻഡോലിംഫ് → ഓർഗൻ ഓഫ് കോർട്ടി] → ആവേഗം → ശ്രവണനാഡി → സെറിബ്രം → കേൾവി എന്ന അനുഭവം.

<u>ശരീരത്തിന്റെ തുലനനിലപാലനം</u>

♣ ആന്തരകർണത്തിലെ 3 അർധവൃത്താകാര കുഴലുകൾ, വെസ്റ്റിബ്യൂൾ എന്നിവ ചേർന്നാണ് ശരീരത്തിന്റെ തുലനനില പാലിക്കാൻ സഹായിക്കുന്നത്.




ശരീരചലനങ്ങൾക്കനുസരിച്ചുള്ള തലയുടെ ചലനം

↓ അർധവൃത്താകാര കുഴലുകൾ / വെസ്റ്റിബ്യൂൾ

↓ ഗ്രാഹികൾ-രോമകോശം

↓ എൻഡോലിംഫിന്റെ ചലനം

ഉദ്ദീപനഫലമായുണ്ടാകുന്ന ആവേഗം

↓ വെസ്റ്റിബ്യൂളാർ നാഡി

സെറിബല്ലം
പേശീപ്രവർത്തനത്തെ ഏകോപിപ്പിച്ച്
ശരീര തുലനനില സാധ്യമാക്കുന്നു


## III. നാവ്

- നാവിലും കവിളിലും സ്ഥിതി ചെയ്യുന്ന സ്വാദ്മുകുളങ്ങളാണ് സ്വാദ് അറിയാൻ സഹായിക്കുന്നത്.

LIFE sslc biology notes

- മധുരം, കയ്പ്, പുളി, ഉപ്പ്, ഉമാമി എന്നീ സ്വാദുകൾ തിരിച്ചറിയുവാൻ പ്രത്യേക സ്വാദ്മുകുളങ്ങളുണ്ട്.

**ഘടന**





**രുചി എന്ന അനുഭവം**

- പദാർത്ഥകണികകൾ ഉമിനീരിൽ ലയിക്കുന്നു
- സ്വാദ്മുകുളങ്ങളിലെ സ്വാദ് ഗ്രാഹികൾ ഉദ്ദീപിക്കപ്പെടുന്നു
- ആവേഗങ്ങൾ രൂപപ്പെടുന്നു
- നാഡി വഴി
- സെറിബ്രത്തിലെ രുചിയുടെ കേന്ദ്രത്തിൽ എത്തുന്നു
- രുചി അനുഭവപ്പെടുന്നു

## IV. മൂക്ക്

**ഘടന**





**ഗന്ധം എന്ന അനുഭവം**

- ഗന്ധകണികകൾ വായുവിനോടൊപ്പം മൂക്കിനുള്ളിൽ പ്രവേശിക്കുന്നു
- ശ്ലേഷ്മദ്രവത്തിൽ ലയിച്ച് ഗന്ധകണികകൾ ഗന്ധഗ്രാഹിയിൽ എത്തുന്നു
- ഗന്ധഗ്രാഹികൾ ഉദ്ദീപിക്കപ്പെട്ട് ആവേഗങ്ങൾ രൂപപ്പെടുന്നു
- ആവേഗങ്ങൾ ഗന്ധനാഡി വഴി സെറിബ്രത്തിലെ ഗന്ധത്തിന്റെ കേന്ദ്രത്തിൽ എത്തുന്നു
- ഗന്ധം അനുഭവപ്പെടുന്നു

## V. ത്വക്ക്

**ഘടന**




- **ചൂട്, തണുപ്പ്, വേദന, മർദം, സ്പർശം** എന്നിവയുടെ ഗ്രാഹികൾ ഉദ്ദീപിക്കപ്പെടുന്നു
- ആവേഗങ്ങൾ രൂപപ്പെടുന്നു
- ആവേഗങ്ങൾ ബന്ധപ്പെട്ട നാഡികൾ വഴി സെറിബ്രത്തിൽ എത്തുന്നു
- അവ അനുഭവങ്ങളായി മാറുന്നു

LIFE SSLC biology notes

## മറ്റു ജീവികളിലെ സംവേദനോപാധികൾ

| ജീവി | ഗ്രാഹികൾ ഉൾപ്പെട്ട അവയവം | പ്രത്യേകത |
|---|---|---|
| പ്ലനേറിയ | **ഐ സ്പോട്ട്** | പ്രകാശത്തിന്റെ വ്യതിയാനങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു |
| ഷഡ്പദം (ഉദാ: ഈച്ച) | **ഒമാറ്റീഡിയ** | ആയിരക്കണക്കിന് ഒമാറ്റീഡിയത്തിൽ നിന്നും പ്രകാശ ഉദ്ദീപനങ്ങളെ ആവേഗങ്ങളായി തലച്ചോറിലെത്തിച്ച് പ്രതിബിംബങ്ങളെ സംയോജിപ്പിച്ച് കാഴ്ച സാധ്യമാക്കുന്നു |
| പാമ്പ് | **ജേക്കബ്സൺസ് ഓർഗൻ** | കൂടെക്കൂടെ നീട്ടുന്ന നാക്കിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഗന്ധകണികകളെ ജേക്കബ്സൺസ് ഓർഗനിലെ ഗ്രാഹികൾ സ്വീകരിച്ച് ഗന്ധം തിരിച്ചറിയുന്നു |
| സ്രാവ് | **പാർശ്വ വര<br>ക്ഷമത കൂടിയ ഗന്ധഗ്രാഹി** | തുലനനിലയിലെ മാറ്റം തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു |


ഐ സ്പോട്ട്




ഒമാറ്റിഡിയം



ജേക്കബ്സൺസ് ഓർഗൻ




പാർശ്വ വര

